# PALLOM
# ST. IGNATIUS CHURCH



**1928–ൽ** അന്നത്തെ തിരുവിതാംകൂർ നിയമപ്രകാരം പള്ളി സ്ഥാപിക്കുന്നതിനുവേണ്ടി, പള്ളം പാറപ്പുറത്ത് തര്യൻ കുര്യനും കല്ലൂപ്പറമ്പിൽ വി.ഐ. മാത്തനും ചേർന്ന് ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചു. ഗവ. അനുവാദം ലഭിച്ചതനുസരിച്ച് 1929 പ്രാരംഭത്തിൽ തന്നെ സ്വന്തം പുരയിടത്തിൽ വി.ഐ. മാത്തൻ താൽക്കാലിക ഷെഡ്ഡിൽ ആരാധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തി. ഈ സംരംഭത്തിൽ സഹകരിച്ച 8 കുടുംബങ്ങൾ പ്രസ്തുത ദേവാലയത്തിൽ നിന്നും തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റിവന്നിരുന്നു. ഒരു വർഷം തികയുന്നതിന് മുമ്പ് ദേവാലയത്തിന് സ്ഥിരമായ കെട്ടിടം പൂർത്തിയായി. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത മീഖായേൽ മാർ ദിവന്നാസ്യോസ്, ക്നാനായ ഇടവകയുടെ മാർ  ദിയസ്കോറോസ് എന്നീ തിരുമേനിമാർ 1930 –ൽ ദേവാലയം കൂദാശ ചെയ്തു. കല്ലുങ്കത്ര പഴയകരി യാക്കോബ് കത്തനാർ, കടവുംഭാഗത്ത് അലക്സാണ്ടർ കോറെപ്പിസ്കോപ്പ, വഞ്ചിത്താറ്റിൽ കുര്യാക്കോസ് റമ്പാച്ചൻ, വായിത്ര പുന്നൂസ് അച്ചൻ എന്നിവർ ഇടവകയുടെ ആവശ്യങ്ങൾ നിറവേറ്റിത്തന്നിരുന്നു. ഇപ്പോഴത്തെ ദേവാലയം 1971 സെപ്റ്റംബർ 4–ാം തീയതി കല്ലൂപ്പറമ്പിൽ വി.എം. ഗീവർഗീസ് അച്ചൻ കല്ലിടീൽ നടത്തി, 1971 ഡിസംബർ 5–ാം തീയതി ഏബ്രഹാം മാർ ക്ലീമീസ് തിരുമേനി കൂദാശ നിർവ്വഹിച്ചതാണ്.

**ശ്ലൈഹിക സന്ദർശനം**

1931 ഡിസംബറിൽ പരി. ശ്ലൈഹിക സിംഹാസനത്തിൽ നിന്നും പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശിച്ചപ്പോൾ ഈ ദേവാലയത്തിൽ, പ്രത്യേക ക്ഷണപ്രകാരം എഴുന്നള്ളി വന്ന് 8 ദിവസം താമസിച്ച് അനുഗ്രഹിച്ചു. അദ്ദേഹം വി.ഐ. മാത്തന്റെ ഇളയപുത്രന് ദേവാലയത്തിൽ വച്ച് ശെമ്മാശ് പട്ടം നൽകി. അന്നുമുതൽ 75 വർഷങ്ങൾ പിന്നിട്ട് 83–ാം വയസിലും വി.എം. ഗീവർഗീസ് അച്ചൻ ഈ ഇടവകയ്ക്കുവേണ്ടിയുള്ള തന്റെ പ്രാർത്ഥനാ ജീവിതം അക്ഷീണം തുടർന്നുകൊണ്ടിരിക്കുന്നു. പരി. ബാവായുടെ കബറിടത്തിനോട് ചേർന്ന് വി.ഐ. മാത്തൻ ഒരേക്കർ സ്ഥലം വാങ്ങി സംഭാവന ചെയ്തതും ഇന്നും കബറിടത്തിലേക്ക് തീർത്ഥയാത്ര നടത്തുന്നതും ഈ ഇടവകയ്ക്ക് പരിശുദ്ധ പിതാവിനോടുള്ള

ഭക്ത്യാദരവുകളുടെ പ്രതിഫലനമാണ്. ഈ ഇടവകയ്ക്ക് സർവ്വ ഐശ്വര്യങ്ങളും ചൊരിഞ്ഞു നൽകി ആശീർവദിച്ച പരി. ഏലിയാസ് തൃതീയൻ ബാവായുടെ സ്നേഹസ്മരണ ഇന്നും സജീവമാണിവിടെ.

**ഇടവകയിൽ ശുശ്രൂഷ ചെയ്ത പുരോഹിതന്മാർ**

വെള്ളക്കുന്നത്ത് മത്തായി മൽപ്പാൻ (1931–1935), ഫാ. ഗീവർഗീസ് ചീരൻ (1935–36), മുളയിരിക്കൽ ഗീവർഗീസ് അച്ചൻ (1936–40), ഫാ. ചെമ്മല വി. പി. കുര്യാക്കോസ് (1940–1943), ഫാ. വി.പി. പൗലൂസ് വെട്ടു കാട്ടിൽ (1943–46), മങ്ങാട്ടംപള്ളിൽ അലക്സ് അന്ത്രയോസ് കോറെപ്പിസ്കോപ്പ (1946–47), ഫാ. കെ.വി. സഖ റിയ കീപ്പനശ്ശേരിൽ (1947–1952), എന്നിവരെ തുടർന്ന് 1952 ആഗസറ്റ് 24–ാം തീയതി ചുമതലയേറ്റ മത്തായിഅ ച്ചൻ 34 വർഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച്, അനാരോഗ്യം മൂലം 1986–ൽ വിരമിച്ചു. എങ്കിലും പള്ളത്ത് സ്ഥിരതാമസമാക്കിയ അച്ചൻ 2006 –ൽ നിര്യാതനാകുന്നതുവരെ സജീവമായി ഇടവകയ്ക്കുവേണ്ടി പ്രവർത്തിച്ചിരുന്നു.

1987 മുതൽ ഭദ്രാസന ക്രമീകരണമനുസരിച്ച് നിയോഗിക്കപ്പെടുന്ന അച്ചന്മാർ ആത്മീയ കാര്യങ്ങൾ നിറവേറ്റിവരുന്നു. ഫാ. തോമസ് കുളത്തുങ്കൽ, കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ, ഫാ. ഗീവർഗീസ് കരിത്തലയ്ക്കൽ, ഫാ. ചെറിയാൻ കോട്ടയിൽ, ഫാ. കുര്യാക്കോസ് കുറിച്ചിമല, ഫാ. ജോസഫ് ജോൺ വെട്ടുകുഴിയിൽ, ഫാ. ഷെറി ഐസക്ക്, ഫാ. ഡോ. ജോർജ് മാത്യു (ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി), ഫാ. ജോൺ കോതകേരിൽ, ഫാ. ജേക്കബ് മാത്യു കോമടത്തുശ്ശേരിൽ എന്നിവർ സ്തുത്യർഹ മായ സേവനം അനുഷ്ഠിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഫാ. വി.എം. ഗീവർഗീസ് വികാരിയായും ഫാ. കോശി ഏഴരപ്പറയിൽ, ഫാ. ജോസി ഏബ്രഹാം അട്ടച്ചിറ സഹവികാരിമാരായും ഇടവകയുടെ ചുമതലകൾ നിറവേ റ്റിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയോ പൊതുയോഗമോ ഇല്ലാതെ, ബഹു. ഗീവർഗീസ് അച്ചന്റെ നിർദ്ദേ ശങ്ങൾ ഇടവക ഒന്നായി പാലിച്ചുപോരുന്നു. തരകൻ വീട്ടിൽ റ്റി.സി. ജോസ് (സന്തോഷ്) ശുശ്രൂഷകനായി സേവനമനുഷ്ഠിക്കുന്നു.

**ഇടവകയിലെ വൈദികർ**

കല്ലൂപ്പറമ്പിൽ വി.എം. ഗീവർഗീസ് അച്ചൻ, പാറയിൽ ഗീവർഗീസ് കത്തനാർ, ഫാ. സി.കെ. കുര്യാ ക്കോസ് ചിറയിൽ, ഫാ. പി.റ്റി. ചെറിയാൻ പള്ളിക്കുന്നേൽ പുത്തൻവീട്ടിൽ, ഫാ. കുര്യാക്കോസ് പ്ലാംപറ മ്പിൽ, ഫാ. വിജു ഏബ്രഹാം തടത്തിൽപ്പറമ്പിൽ എന്നിവർ ഈ ഇടവകയിൽ നിന്നു പട്ടത്വം സ്വീകരിച്ചവരാ ണ്.

**ആത്മീയ സംഘടനകൾ**

ഇടവകയുടെ നേതൃത്വത്തിൽ സൺഡേസ്കൂൾ, യൂത്ത് അസ്സോസിയേഷൻ, പ്രാർത്ഥനായോഗം എന്നിവ ആത്മീയ വളർച്ച ലക്ഷ്യമാക്കി മഹത്തായ പ്രവർത്തനം നടത്തിവരുന്നു.

**പെരുനാളുകൾ**

ഇടവകയുടെ പ്രധാന പെരുനാൾ ഏപ്രിൽ 30, മേയ് 1 തീയതികളിൽ വി. ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് കൊണ്ടാടുന്നു. എട്ടുനോമ്പിനോടനുബന്ധിച്ച് സെപ്റ്റംബർ 8–ാം തീയതിയും പെരുനാൾ ആചരിക്കുന്നു. ഇടവകയുടെ പെരുനാളുകൾ യാതൊരു ആർഭാടപരമായ ആഘോഷങ്ങളുമി ല്ലാതെ അത്യന്തം ഭക്തിനിർഭരമായും ലളിതമായും കൊണ്ടാടുന്നു.

**ജീവകാരുണ്യ പ്രവർത്തനങ്ങൾ**

ഇടവകയുമായി സഹകരിച്ചുവരുന്നവർക്ക് ആവശ്യ സന്ദർഭങ്ങളിൽ കഴിവിനനുസരിച്ച് സഹായങ്ങൾ നൽകുന്നതിൽ ഈ ഇടവക ബദ്ധശ്രദ്ധമാണ്. ഈ ഇടവകയിലും പരിസരത്തുമുള്ള നിർദ്ധനരായ രോഗി കൾക്ക് ചികിത്സാ സഹായം നൽകിവരുന്നു. കുട്ടികളുടെ സാമാന്യ വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ കോഴ്സുകളിൽ പഠനം തുടരുന്നതിനും ആവശ്യമായ സാമ്പത്തികസഹായം തെരഞ്ഞെടുക്കപ്പെടുന്ന കുട്ടി

SyrianChurch.org

കൾക്ക് നൽകുന്നു. ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനും, കൂടാതെ ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും ഇടവക സഹായിക്കുന്നു. പെൺകുട്ടികളുടെ വിവാഹത്തിന് സാധ്യമായ സാമ്പത്തികസ ഹായം നൽകുന്നുണ്ട്. ഇങ്ങനെ ഇടവകയിൽ നിന്ന് അർഹരായവർക്ക് നേരിട്ടും, സാധുസംരക്ഷണം നട ത്തുന്ന മറ്റു സംഘടനകൾക്ക് സഹായധനം നൽകിയും ഈ ഇടവക ജീവകാരുണ്യ പ്രവർത്തനത്തിൽ സജീവ പങ്കാളികളായിത്തീരുന്നു.

**അനുബന്ധ സ്ഥാപനങ്ങൾ**

പാരിഷ്ഹാൾ, സൺഡേ സ്കൂളിനായി 2000 രൂ.ളള കെട്ടിടം, പാഴ്സനേജ്, പന്നിമറ്റം എ.ഇ.ക ജംഗ്ഷ നിലുള്ള കുരിശിൻതൊട്ടി എന്നിവയാണ് സ്ഥാപനങ്ങൾ.

1929 ൽ ആരംഭിച്ച ദേവാലയം ഇന്ന് 260 കുടുംബങ്ങളുള്ള ഇടവകയായി വളർന്നുകഴിഞ്ഞു. പരി. ഏലിയാസ് തൃതീയൻ ബാവായുടെ ശ്ലൈഹിക വാഴ്വുകളാൽ അനുഗൃഹീതമായും പരി. ഇഗ്നാത്യോസ് നൂറോനോ യുടെ ദിവ്യമദ്ധ്യസ്ഥതയാലും ആത്മീയ പാതയിലെ പ്രകാശ ഗോപുരമായി ഈ ദേവാലയം നിലകൊള്ളു ന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org